മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ ഉഴുന്ന് സെൻട്രൽപ്രോവിൻസിൽനിന്നും, ഇന്ത്യൻ ഇൻഡ്യയിൽനിന്നും കച്ചവടക്കാർ കൊണ്ടുവരുന്നതു് ഗവൺമെണ്ടിനെ അറിയിക്കണമെന്ന നിബന്ധന മാറ്റാൻ എന്താണു് വിരോധം?

Rao Sahib M. M. Paul *(Director of Food Supplies):* As soon as the goods arrived at the station the party has to inform the Government to get the permission of the Government.

Mr. M. O. Thomakutty *(Commerce and Industry):* May I know whether that restriction may kindly be removed?

Rao Sahib M. M. Paul *(Director of Food Supplies):* We have some such restriction because last year there was scarcity for oorid and Government had to purchase it. We also imposed the restriction that no pulses may be imported by private merchants without our knowledge. If private merchants also import it, there will be no sale for the commodity stored by the Government. It was therefore necessary that its purchase should be controlled, otherwise there will be competition and the retailers will not be able to sell it. So we thought it better that as regards oorid it was necessary that the State alone should purchase and stock it. So we got down sufficient quantities from the Central Government and we decided that we alone should import it, any private parties being allowed to import it only when our stocks are low, with the result that we have been able to sell almost the whole stock. This year we are not handling oorid at all. We distributed quotas among private parties and we are going to take away the restrictions on import.

Mr. President: Order, order. I think I have given the Hon'ble Member sufficient indulgence. In the first place I gave this question priority and in the second place I have allowed him to put a number of questions which only a liberal interpretation will treat as supplementary to his original question. I think that in view of the questions given notice of by the Hon'ble Members earlier, this discussion should now end.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether gingilli is included in pulses?

Mr. President: Order, order. I have said this discussion must now end.

MUNDUPALAM THODU—CONSTRUCTION OF

360. മിസ്റ്റർ ജോസ് കെ. വള്ളിസ്സ്.

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫ ഫ ഫൻ-ൽ മുണ്ടപാലം തോട്ടു താഴ്ത്തുന്നതിനു് എത്ര സംഖ്യ ചിലവായി;

(ബി) ടി പണി ബഹുമാനപ്പെട്ട മന്ത്രിയോ ക്ലക്ടേരി പഞ്ചായത്തോ നിർവഹിച്ചതു്;

(സി) ആക്കാണ്ടു് ഖരാർ കൊടുത്തിരുന്നതു്;

(ഡി) സർക്കാർ ഗസറ്റിൽ പരസ്യം ചെയ്ത ടെക്കാസ് വിളിച്ചു കുറഞ്ഞ ഖരാറുകാരനാണോ പണി ഏല്പിച്ചിരുന്നതു;

(ഇ) ടി ഖരാറുകാരനെ സംബന്ധിച്ചോ പണിയെ സംബന്ധിച്ചോ വല്ല പരാതിയും ഗവർമ്മേണ്ടിനു കിട്ടുകയുണ്ടായോ;

(എഫ്) ടി പണിക്കു ഒരു നായ്ക്കൻ ടെണ്ടർ ബോധിപ്പിക്കുകയുണ്ടായോ?

മസ്റ്റർ പറമ്പി ലോനപ്പൻ.

(എ) ഫ ഫ ഫൻ-ത് സംഖ്യ ഒന്നും കൊടുത്തിട്ടില്ല. ഫ ഫ ഠ ഠ-ൽ ഇ ഠ കെ. കൊടുത്തു.

(ബി) പണി ബഹുമാനപ്പെട്ട മന്ത്രിയോ, പഞ്ചായത്തോ അല്ല നടത്തിയതു്.

(സി) സ്ഥലത്തെ കൃഷിക്കാരെ പ്രതിനിധീകരിച്ചു മിസ്റ്റർ ചിറക്കൽ മത്തായി ലാസർക്കാണു് പണി ഖരാറു കൊടുത്തതു്.

(ഡി) അല്ല.

(ഇ) ഇല്ല.

(എഫ്) ഉവ്വു്.

മിസ്റ്റർ ജോസ് കെ. വള്ളിസ്സ്: സ്ഥലത്തെ കൃഷിക്കാരെ പ്രതിനിധീകരിച്ചു മിസ്റ്റർ ചിറക്കൽ മത്തായി ലാസർക്കാണു് പണി ഖരാറുകൊടുത്തതെന്നുപറഞ്ഞു. അദ്ദേഹം അവിടെ എത്രത്തോളം കൃഷിനടത്തുന്നുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പിലോനപ്പൻ: അതിന്നു് എനിക്കു് ഇൻഫർമേഷനില്ല. മുമ്പിലത്തെ മന്ത്രിയാണു് ഇതു് ചെയ്തിട്ടുള്ളതു്. ഈ മത്തായി ലാസ്സറാണു് കൃഷിക്കാരെ പ്രതിനിധീകരിച്ചു് അവിടെ ഹാജരായതു്. അതിന്നു് കൃഷിക്കാരും വിരോധം പറഞ്ഞില്ല. അതുകൊണ്ടാണു് അദ്ദേഹത്തെ എല്പിച്ചതു്.

മിസ്റ്റർ ജോസ്കെ. വള്ളിസ്സു്: ഒരു നായ്ക്കൻ ഇതിലും കുറഞ്ഞ റെയിറ്റിന്നു് ഖരാവെടുക്കാമെന്നു് പറഞ്ഞുവന്നില്ലെ?

മിസ്റ്റർ പറമ്പിലോനപ്പൻ: നായ്ക്കന്നു് അവിടെ കൃഷിയൊന്നുമില്ല. അതുകൊണ്ടു് അവിടെ കൃഷിയുള്ളതായ ആളുകൾക്കു് കൊടുക്കുന്നതായാൽ മറ്റു കൃഷിക്കാർക്കും അതു ഉപകാരമാകും.

മിസ്റ്റർ ജോസ്കെ. വള്ളിസ്സു്: ഇതു് സഹകായ്മമായിട്ടാണൊ ഖരാവകൊടുത്തതു്?

മിസ്റ്റർ പറമ്പിലോനപ്പൻ: സഹകായ്മമായിട്ടല്ലാകൊടുത്തതു്. ടെണ്ടർവെക്കുവാൻ പഞ്ചായത്തുഡയറക്ടരെ എല്പിച്ചു. അപ്പോൾ കൃഷിക്കാരെ പ്രതിനിധീകരിച്ചു് അദ്ദേഹം വന്നു. ഒരു നായ്ക്കനും അവശ്യപ്പെട്ടു, എന്നാൽ കൃഷിക്കാരെ പ്രതിനിധീകരിച്ചുവന്നതുകൊണ്ടു് ലാസ്സറിന്നുകൊടുത്തു.

മിസ്റ്റർ ജോസ്കെ. വള്ളിസ്സു്: ഈ തോടിന്റെ അടുത്തുള്ള ഏറ്റവും വലിയ കൃഷിക്കാരൻ ഞാനാണെന്നുള്ളതു് ഗവർമ്മെണ്ടിന്നു് അറിയാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ: അതു എനിക്കു് അറിഞ്ഞുകൂടാ.

മിസ്റ്റർ ജോസ് കെ. വള്ളിസ്സു്: ഞാൻ എഴുതി അയച്ചിട്ടുണ്ടായിരുന്നു. അതിനെപ്പറ്റി അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എഴുതി അയച്ചിട്ടുള്ളതിനെപ്പറ്റി എനിക്കു് അറിഞ്ഞുകൂടാ.

മിസ്റ്റർ പി. മാണി: ഇയാൾ കൃഷിക്കാരുടെ റെപ്രസെന്റേറ്റീവ് ആണെന്നു് കൃഷിക്കാരെല്ലാവരും സമ്മതിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇയാൾ കൃഷിക്കാരുടെ റെപ്രസെന്റേറ്റീവാണെന്നു് പറഞ്ഞിട്ടു കൃഷിക്കാരാരും വിരോധം പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. മാണി: ഇതു് മറ്റുള്ള കൃഷിക്കാർ ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നാണു് ഊഹിക്കേണ്ടതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ തോടു് ഇയാൾക്കു് ഖരാവകൊടുത്തതിൽ കൃഷിക്കാരുടെ ആരുടെയെങ്കിലും ആക്ഷേപമുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതു് ടെണ്ടർ വിളിക്കുവാൻ സർക്കാരിൽ നിന്നു പരസ്യം ചെയ്തുകയുണ്ടായോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗസറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ടായിരുന്നു.

Mr. Puthur Achutha Menon *(Kattur)*: May I know, whether tender has any meaning to the Cochin Government?

Mr. Parambi Lonappen *(Minister for Rural Development)*: Tender must have its own meaning.

Mr. Puthur Achutha Menon *(Kattur)*: May I know in how many cases contracts were given to different other persons?

Mr. Parambi Lonappen *(Minister for Rural Development)*: I have got some experience as regards placing of tender, after I became the Minister of the Cochin State. In certain cases you will have to give it up to lower tenders. There are so many difficulties. Probably for very many reasons we cannot accept the lowest tender in this particular case. Those who are interested in agriculture and in the improvement of lands requested the Minister that it should be entrusted to agriculturists and a representation came on behalf of the agriculturists. I do not see any reason why it should be attacked so vehemently.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ലാഭം മാത്രംനോക്കി പ്രാപ്തിയില്ലാത്ത ആളുകളെ ടെണ്ടർ എല്പിച്ചാൽ കൃഷിക്കു് ദോഷം വരുമെന്നുള്ളതു് ഗവർമ്മെണ്ടിന്നു് അറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ദോഷം വരുമെന്നാണു് തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ടെണ്ടർ കൊടുക്കുമ്പോൾ കുറഞ്ഞ സംഖ്യക്ക് എടുക്കുവാനാളുള്ളപ്പോൾ കൂടുതൽ സംഖ്യക്ക് മറ്റൊരാൾക്ക് എല്പിച്ചുകൊടുക്കുന്നതു് ഗവണ്മെണ്ടിനു് നഷ്ടമല്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെ എന്റെ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടായെന്നു അറിഞ്ഞുകൂടാ കെയർലെസ്സായിട്ടുള്ള ചില കൺട്രാക്ടർമാരെ കുറഞ്ഞ സംഖ്യക്ക് എല്പിച്ചാൽ പണി ശരിയായിട്ട നടക്കുകയില്ല. പണി നടത്തിക്കുവാൻ പ്രാപ്തിയും, യോഗ്യതയുമുള്ള ആളുകളെ നോക്കിയാണു് ടെണ്ടർ എല്പിക്കുന്നതു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഈ നിയമസഭാസാമാജികന്മാക്ക് കൺട്രാക്ടു് കൊടുക്കാതിരിക്കാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ: എന്റെ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചേടത്തോളമാണെങ്കിൽ ഉറപ്പു പറയാം.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: എം. എൽ. സി മാക്ക് കൺട്രാക്ടു് കൊടുക്കുന്നതു കൊണ്ടു് എന്തെങ്കിലും ദോഷമുണ്ടെന്നു ഗവണ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ. അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എം. എൽ. സിമാക്ക് കൺട്രാക്ടു് കൊടുക്കുന്നതു കൊണ്ടു് കൃഷിക്കാർക്ക് ഉപകാരപ്രദമായിത്തീരുമെങ്കിൽ കൊടുക്കുന്നതിനു് എന്താണു് വിരോധം?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി എനിക്ക് പറയുവാൻ നിവൃത്തിയില്ല. എം. എൽ. സിമാരാരും ഇതിനു് അപേക്ഷിച്ചതായി കാണുന്നില്ല.

മിസ്റ്റർ ജോസു് കെ. വറ്ഗീസ്സു്: ഈ തോടിന്റെ കാര്യത്തിൽ വല്ല എം. എൽ. സിമാക്കും ഇൻട്രസ്റ്റു് ഉണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് ഇപ്പോൾ അറിഞ്ഞുകൂടാ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: നായ്ക്കന്മാർ ഇങ്ങിനെയുള്ള പണികൾക്ക് വൈദഗ്ദ്ധ്യമുള്ളവരാണെന്നു് ഗവണ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ: നായ്ക്കന്മാർ മിടുക്കന്മാരായിരിക്കാം. പക്ഷെ ഈ കൺട്രാക്ടരായിരിക്കയില്ല അവിടെ പണിയെടുക്കുന്നതു്.

മിസ്റ്റർ പി കുമാരനെഴത്തശ്ശൻ: മണ്ണു പണിയിൽ അവർ മിടുക്കന്മാരല്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിൽ മണ്ണു പണിയിലുള്ള വൈദഗ്ദ്ധ്യം മാത്രം നോക്കിയാൽപോരാ. കൃഷിക്കാരുടെ സൌകര്യാർത്ഥം പണിനടത്തിക്കുവാൻ പറ്റിയ ആളെ എല്പിക്കണമെന്നു് വിചാരിച്ചാണു് ചെയ്തിട്ടുള്ളതു്.

മിസ്റ്റർ ജോസ്സു് കെ. വറ്ഗീസ്സു്: ഈ പണിക്കു് വേറെ ആരുംതന്നെ ഉണ്ടായിരുന്നില്ലെ?

മിസ്റ്റർ പറമ്പിലോനപ്പൻ: മിസ്റ്റർ ജോസു് കെ. വറ്ഗീസ്സു് എഴുതിഅയച്ചുവെന്നു പറയുന്നുണ്ടു്. അതു ഞാൻ കണ്ടിട്ടില്ല.

VILLAGE LIBRARY—KANDANASSERY

361. മിസ്റ്റർ കെ. ഐ. വേലായുധൻ.

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തലപ്പിള്ളിതാലൂക്കു് കണ്ടാണശ്ശേരി വില്ലേജിൽ ഒരു ഗ്രാമീണ വായനശാലയുള്ളതു് ഗവണ്മെണ്ടിനു് അറിയാമോ;

(ബി) ടി വായനശാലക്ക് ഗവണ്മെണ്ടു എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ.

(എ) ഉവ്വു്, രണ്ടു വായനശാലകൾ ഉള്ള വിവരം അറിയാം.

(ബി) ഇല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: കണ്ടാണശ്ശേരിയിൽ രണ്ടു വായനശാലകൾ ഉണ്ടെന്നു പറഞ്ഞുവല്ലൊ. ഇതു രണ്ടുംതമ്മിൽ എത്ര അകലം ഉണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly